DESPATCHED
On 27/6/22..



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Email: sic.ker@nic.in

ഹർജി നമ്പർ AP 252(1)/2022/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
File No.4622/SIC-Gen4/2022
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂൺ 23

ശ്രീ. അനീഷ് ബാബു,
കരുണ ഹൗസ്,
വെങ്ങാലി, എരഞ്ഞിക്കൽ പി.ഒ.,
കോഴിക്കോട് – 673 303.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
വില്ലേജ് ഓഫീസ് എലത്തൂർ,
കോഴിക്കോട്
2. അപ്പീൽ അധികാരി &
തഹസിൽദാർ (ഭൂരേഖ),
കോഴിക്കോട് താലൂക്ക്,
കോഴിക്കോട്.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 13.8.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 9.9.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 8.10.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 13.12.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.3.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 16.3.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25.3.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 13.4.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 21.6.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അനീഷ് ബാബു, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭിക്കാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ

സമർപ്പിച്ചുവെന്നും ടി അപ്പീലിനും കൃത്യമായ മറുപടി ലഭിച്ചിട്ടില്ലാത്തതിനാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷക്ക് കൃത്യമായ മറുപടി നൽകാൻ നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 13.8.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

1) രസീത് നമ്പർ KL-11010706912/2021 തീയതി 20.07.21 പ്രകാരമുള്ള രസീതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ പേരിലുള്ള സർവ്വെ & സബ് നമ്പർ 28/56 പ്രകാരമുള്ള $34^{3/4}$ സെന്റ് (14 ആർ 6.32 സ്ക്വ മീ) സ്ഥലത്തിലെ എത്ര സെന്റ് സ്ഥലത്തിനാണ് ശ്രീ. നാരായണൻ, എക്സിക്യൂട്ടീവ് ഓഫീസർ കാമ്പുറത്ത് ദേവസ്വം എന്നയാൾ ഭൂനികുതി അടച്ചിട്ടുള്ളത് എന്നും
2) ആയതിന്റെ ക്രമ നമ്പർ അറിയിക്കണമെന്നും
3) മേൽപ്പടി രസീതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പേരിലുള്ള സർവ്വെ & സബ് നമ്പർ 28/56 പ്രകാരമുള്ള $34^{3/4}$ സെന്റ് (14 ആർ 6.32 സ്ക്വ മീ) സ്ഥലത്തിലെ എത്ര സെന്റ് സ്ഥലത്തിനാണ് ശ്രീ. ടി.എൻ.കരുണാകരൻ നായർ S/o കണാരൻ നായർ എന്നയാൾ ഭൂനികുതി അടച്ചിട്ടുള്ളതെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 9.9.2021-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 8.10.2021-ന് നൽകിയ അപ്പീൽ അപേക്ഷ വിവരാവകാശ അപേക്ഷയിലെ 5-ാമത് ഇനത്തിന് നേരിട്ട് രേഖകൾ പരിശോധിക്കാൻ അവസരം നൽകണമെന്ന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകിയും ബാക്കി ഇനങ്ങൾക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി ശരിവച്ചുകൊണ്ടും 13.12.2021-ന് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപ്പീൽ ഹർജി പ്രകാരം അപേക്ഷകനെയും ഒന്നാം എതിർകക്ഷിയേയും നേരിൽ കേട്ടതിലും ഫയൽ പരിശോധിച്ചതിലും ഒരേ സ്ഥലത്തിന് മറ്റ് രണ്ടു പേർ നികുതി അടയ്ക്കുന്നത് സംബന്ധിച്ച 7 ചോദ്യങ്ങൾക്കുള്ള മറുപടിയാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടതെന്നും ടി സ്ഥലത്തിനെ സംബന്ധിച്ച് കോടതി കേസ് നിലനിൽക്കുന്നതിനാലും വിവരാവകാശ നിയമ പ്രകാരം ഓഫീസിൽ മെറ്റീരിയൽ രൂപത്തിൽ സൂക്ഷിച്ചിട്ടുള്ള വിവരങ്ങൾ മാത്രമാണ് നൽകേണ്ടത് എന്ന് അറിയിക്കുകയും അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള 5, 6, 7 ചോദ്യങ്ങൾക്കുള്ള മറുപടി ഒഴിച്ച് ബാക്കി എല്ലാ ചോദ്യങ്ങൾക്കും എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടുള്ളതുമാണെന്നും 5, 6, 7 എന്നീ ചോദ്യങ്ങൾക്കുള്ള വിവരങ്ങൾ ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്ന മറുപടിയാണ് എസ്.പി.ഐ.ഒ നൽകിയിട്ടുള്ളതെന്നും അപ്പീൽ അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ സ്ഥലവുമായി ബന്ധപ്പെട്ട് കോടതി കേസ് നിലനിൽക്കുന്നതിനാലും, ഓഫീസിൽ ലഭ്യമായ വിവരങ്ങൾ എസ്.പി.ഐ.ഒ നൽകിയതിനാലും വില്ലേജ് ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്ത

വിവരങ്ങളിൽ അപേക്ഷകന് ബന്ധപ്പെട്ട രേഖകൾ പരിശോധിക്കാനും ആവശ്യമെങ്കിൽ രേഖകളുടെ പകർപ്പ് എടുക്കാനും സൗകര്യം ചെയ്തു കൊടുക്കാൻ എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിലകൊടുത്തു വാങ്ങിയ ടിയാന്റെ പേരിലുള്ള സ്ഥലത്തിന് മറ്റ് രണ്ട് പേർ കൂടി ഒന്നാം എതിർകക്ഷി ഓഫീസിൽ ഭൂ നികുതി അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് 7 ഇനങ്ങളിലായി നൽകിയ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ല എന്നാണ് ഹർജിക്കാരന്റെ ആക്ഷേപം എന്ന് കാണുന്നു. എന്നാൽ ടി ആക്ഷേപം ദൂരീകരിക്കുന്നതിന് ലഭ്യമായ രേഖകൾ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുന്നതിന് രണ്ടാം എതിർകക്ഷി ഹർജിക്കാരന് അവസരം നൽകിയിരുന്നുവെങ്കിലും ടി അവസരം ഹർജിക്കാരൻ ഉപയോഗപ്പെടുത്തിയതായും കാണുന്നില്ല. മാത്രമല്ല ഹർജിക്കാരൻ അപേക്ഷയിൽ ഉന്നയിച്ച സ്ഥലവുമായി ബന്ധപ്പെട്ട് കോടതി കേസ് നിലനിൽക്കുന്നതായി കമ്മീഷന് ബോധ്യമായിട്ടുള്ളതുമാണ്. ആയതിനാൽ എതിർകക്ഷികൾ ഹർജിക്കാരന് നൽകിയ മറുപടിയിൽ അപാകതയില്ലെന്ന് വിലയിരുത്തി, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 23-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk